പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 218

# 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 22-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 218

# 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

958/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 218

# 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

## 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവൽസരത്തിൽ, താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ആഗസ്റ്റ് 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2009-ലെ 26) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക.) 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "ക്രയവിക്രയങ്ങളുടെ" എന്ന വാക്കിന് പകരം "വിൽപ്പനയുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വിറ്റുവരവിന്റെ 0.25%" എന്ന വാക്കിനും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കുംപകരം "വിൽപ്പനയുടെ 0.1%" എന്ന വാക്കും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 38), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2009-ലെ 26) 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ആഭരണ തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമനിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനുള്ള ആവശ്യാർത്ഥം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25% വരുന്ന തുക സെസ്സ് ആയി സർക്കാരിലേക്ക് സഞ്ചിതനിധിയിൽ അടയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പത്ത് ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് പ്രസ്തുത വ്യവസ്ഥ ബാധകമാകുന്നതല്ല എന്നും വ്യവസ്ഥ ചെയ്യുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം അപ്രകാരമുള്ള ആഭരണവ്യാപാരികൾ സംസ്ഥാനത്ത് നടത്തുന്ന വാങ്ങലിൻമേലും വിൽപ്പനയിൻമേലും സെസ്സ് നൽകേണ്ടതായി വരുന്നുണ്ട്.

2. ഓരോ ആഭരണ വ്യാപാരിയും ആഭരണങ്ങളുടെ വിൽപ്പനയിൻ മേൽ മാത്രം സെസ്സ് നൽകേണ്ടതാണെന്നും, അപ്രകാരമുള്ള സെസ്സ് വിൽപ്പനയുടെ 0.1% ആയിരിക്കുമെന്ന് ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ കൊണ്ടു വരുവാൻ സർക്കാർ തീരുമാനിച്ചു.

3. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 172 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 38-ാം നമ്പർ ഓർഡിനൻസ്) 2019 ആഗസ്റ്റ് 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ആഗസ്റ്റ് 20-ാം തീയതിയിലെ 1898-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2019-ലെ 38-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ടി. പി. രാമകൃഷ്ണൻ.

## 2009 -ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (2009-ലെ 26) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ബോർഡ്' എന്നാൽ 19-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട "കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്നർത്ഥമാകുന്നു.

** ** ** **

(ആർ) 'വിറ്റുവരവ്' എന്നാൽ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവയുടെയും അവ സംസ്കരി ലഭിച്ചതിന്റെയും അവയുടെ സങ്കരമോ, ഉത്പന്നമോ ഉപയോഗിച്ച് നിർമ്മിച്ച ആഭരണമോ രൂപമോ മറ്റ് ഉല്പന്നങ്ങളോ എന്നിവയുടെയും കേരള സംസ്ഥാനത്ത് നടത്തുന്ന ക്രയവിക്രയങ്ങളുടെ മൂല്യം എന്നർത്ഥമാകുന്നു.

** ** ** **

5. <u>വ്യാപാരി സെസ്സ്.</u>—(1) ആഭരണ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനുള്ള ആവശ്യാർത്ഥം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ, ആഭരണ വിറ്റുവരവിന്റെ 0.25% വരുന്ന തുക സെസ്സ് ആയി സർക്കാരിലേക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതാണ്. എന്നാൽ പത്തു ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് ഇത് ബാധകമായിരിക്കുന്നതല്ല.

---